'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. (ഇകെഎം)1855/2019-ന്മേലുള്ള 31.10.2019-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.263/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/02/2020

---

പരാമർശം:- 1 പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ 05.09.2019-ലെ PAN/200/19/ഇ2 (ഡി.പി.) നമ്പർ നടപടിക്രമങ്ങൾ.

2 ശ്രീ. ടി.പി. വേണുഗോപാൽ സമർപ്പിച്ച 16.09.2019-ലെ അപേക്ഷ.

3 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. (ഇകെഎം)1855/2019-ന്മേലുള്ള 31.10.2019-ലെ വിധിന്യായം

**<u>ഉത്തരവ്</u>**

ഉദുമ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. ടി.പി. വേണുഗോപാൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇകെഎം)1855/2019-ന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പരാതിക്കാരൻ അനക്ഷർ എ5 ആയി സമർപ്പിച്ച പരാമർ ശം (2) അപേക്ഷ പരിശോധിച്ച് 6 ആഴ്ചയ്ക്കകം ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

അച്ചടക്ക നടപടിയുടെ ഭാഗമായി സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത ശ്രീ. ടി.പി. വേണുഗോപാലിനെ പരാമർശം (1) ഉത്തരവ് പ്രകാരം സേവനത്തിൽ പുനഃപ്രവേശിപ്പിച്ച് കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിൽ നിയമനം നൽകി ഉത്തരവാകുകയും ചെയ്തു. അതിൻ പ്രകാരം ശ്രീ. ടി.പി. വേണുഗോപാൽ, ഉദുമ ഗ്രാമപഞ്ചായത്തിൽ 16.09.2019-ൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് അപേക്ഷയിൽ സൂചിപ്പിച്ചിട്ടുണ്ട്. പണിഷ്മെന്റ് ട്രാൻസ്ഫർ ആയിട്ടാണ് നിയമനം നല്കിയിട്ടുള്ളതെന്നും വ്യക്തിപരമായ കാരണങ്ങളാൽ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്ന തനിക്ക് പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം, മണ്ണാർക്കാട് താലൂക്ക് ഒഴികെയുള്ള മറ്റേതെങ്കിലും ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലംമാറ്റം നൽകണമെന്നുമാണ് അനക്ഷർ എ5 പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അസിസ്റ്റന്റ് സെക്രട്ടറി

തസ്തികയിലെ നിയമനം, സ്ഥലമാറ്റം എന്നീ വിഷയങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ അധികാര പരിധിയിൽ വരുന്നതാണ്. ആയതിനാൽ പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം, മണ്ണാർക്കാട് താലൂക്ക് ഒഴികെ മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന അനക്ഷർ എ5-ലെ ശ്രീ. ടി.പി.വേണുഗോപാലിന്റെ അപേക്ഷയിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് വിവരം സർക്കാരിൽ അടിയന്തിരമായി റിപ്പോർട്ട് ചെയ്യുവാൻ പഞ്ചായത്ത് ഡയറക്ടർക്ക നിർദ്ദേശം നൽകി ഉത്തരവാകുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3) വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി**

1. ശ്രീ. ടി.പി. വേണുഗോപാൽ, അസിസ്റ്റന്റ് സെക്രട്ടറി, ഉദുമ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
5. ഡയറക്ടർ,ഐ.കെ.എം., തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ